## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1085 — 05.03.2018 -ൽ മറുപടിയ്ക്ക്

### വില്ലേജാഫീസുകളിലെ വരുമാനം

| ചോദ്യം: | മറുപടി: |
|---|---|
| ശ്രീ.പി.കെ.ബഷീർ | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിന് കീഴിലെ വില്ലേജാഫീസുകളിൽ നികുതി ഇനത്തിലും മറ്റും ലഭിക്കുന്ന വരുമാനം എത്ര ദിവസം കൂടുമ്പോഴാണ് ഖജനാവിൽ അടയ്ക്കേണ്ടത് ; വിശദാംശം നൽകുമോ; | (എ) വില്ലേജ് ഓഫീസ് മാന്വൽ ഖണ്ഡിക 104 പ്രകാരം വില്ലേജ് ഓഫീസുകളിൽ നികുതി ഇനത്തിലും മറ്റും വരുന്ന പിരിവ് തുക 5000/- രൂപയിൽ കവിയാതിരുന്നാൽ മാസത്തിൽ രണ്ട് തവണയായും അല്ലാത്തപക്ഷം ഉടനടിയും ഖജനാവിൽ നിക്ഷേപിക്കേണ്ട താണ്. എന്നാൽ 30-07-2014 ലെ സ.ഉ(പി ) 310/2014/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ വരുകയും 31/01//2017 ലെ സ.ഉ(പി)12/2017/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുതുക്കുകയും ചെയ്തിട്ടുള്ള ഇ-ട്രഷറി സംവിധാനപ്രകാരം തുക അതാത് ദിവസം ട്രഷറിയിൽ /ഇ-ട്രഷറി സംവി ധാനമുള്ള ബാങ്കുകളിൽ ഒടുക്കു വരുത്തേ ണ്ടതാണ്. |
| (ബി) ട്രഷറിയിൽ അടയ്ക്കാതെ എത്ര തുക, എത്ര നാൾ വരെ കൈവശം വയ്ക്കാൻ വില്ലേജാഫീസർമാർക്ക് അധികാരമുണ്ട്; വ്യക്തമാക്കാമോ; | (ബി) വില്ലേജ് ആഫീസ് മാന്വൽ പ്രകാരം പരമാവധി 5000/-രൂപ വരെ വില്ലേജ് ഓഫീസർക്ക് സൂക്ഷിയ്ക്കുവാൻ അധികാരം ഉണ്ട്. എന്നാൽ ഇ-ട്രഷറി സംവിധാനം നടപ്പിലാക്കിയ ഉത്തരവുകൾ പ്രകാരം ഓഫീസുകളിൽ ലഭ്യമാകുന്ന തുക അതാത് ദിവസം ട്രഷറിയിൽ /ഇ-ട്രഷറി സംവിധാന മുള്ള ബാങ്കുകളിൽ ഒടുക്ക് വരുത്തേണ്ടതാണ്. |
| (സി) എങ്കിൽ സർക്കാരിലേയ്ക്ക് കൃത്യമായി അടയ്ക്കേണ്ട തുക, പ്രസ്തുത സമയത്ത് അടയ്ക്കാതിരുന്നതിന്റെ പേരിൽ, സംസ്ഥാനത്ത് എത്ര വില്ലേജാഫീസർ മാർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (സി) സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട നികുതി തുക കൃത്യമായി അടയ്ക്കാതിരുന്നതിന്റെ പേരിൽ തിരുവനന്തപുരം ജില്ലയിൽ പാങ്ങോട് വില്ലേജിലെ വില്ലേജ് അസിസ്റ്റന്റിന്റെ പേരിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | തുക കൃത്യമായി അടയ്ക്കാതിരുന്നതിന് അമ്പലപ്പുഴ താലൂക്കിലെ കരുമാടി വില്ലേജ് ഓഫീസറുടെ രണ്ട് വാർഷിക വേതന വർദ്ധനവുകൾ സഞ്ചിത ഫലത്തിൽ തടഞ്ഞിട്ടുള്ളതും തൃശ്ശൂർ ജില്ലയിൽ ഇതേ കാരണത്തിന് മൂന്നുവില്ലേജ് ഓഫീസർമാർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (ഡി) | സംസ്ഥാനത്തെ വില്ലേജാഫീസുകളിൽ ഓരോ ദിവസവും ലഭിക്കുന്ന തുക, അതതു ദിവസം ട്രഷറിയിൽ അടയ്ക്കുന്നതിന് ആവശ്യമായ നിർദ്ദേശം അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇ-ട്രഷറി സംവിധാനം നിലവിൽ വന്നതോടെ അതാത് ദിവസം തന്നെ തുക അടയ്ക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**